# വിൽപ്പത്രം

**.......**

(ഹാജരാക്കുന്നവർ)

12–02–2009 രണ്ടായിരത്തി ഒമ്പതാമാണ്ട് ഫെബ്രുവരി മാസം പന്ത്രണ്ടാം തിയ്യതി:

കണയന്നൂർ താലൂക്ക്, എളങ്കുളം വില്ലേജ്, കോന്തുരുത്തി ദേശത്ത് (തേവര പി. ഒ., പിൻ – 682 013) .......... വീട്ടിൽ, ശങ്കു മകൾ സ്വസ്ഥം, എൺപത്തിനാല് (84) വയസ്സ് ..... (ഇന്ത്യൻ ഇലക്ഷൻ കമ്മീഷൻ തിരിച്ചറിയൽ കാർഡ് നമ്പർ KL-.......) എന്നവർ സ്വന്ത മനസ്സാലെയും പരപ്രേരണ കൂടാതെയും എഴുതി വച്ച വിൽപ്പത്രം.

എനിക്ക് ഭർത്താവൊ മക്കളൊ ഇല്ലാത്തതിനാൽ എന്റെ സഹോദരനായ പോഴമംഗലത്ത് കൃഷ്ണനോടൊപ്പം താമസിച്ചു വന്നിരുന്നതും ടി കൃഷ്ണന്റെ കാലശേഷം ടിയാന്റെ മകനായ സുകുമാരന്റെ സംരക്ഷണയിൽ കഴിഞ്ഞു വരുന്നതും ആകുന്നു. താഴെ പട്ടികയിൽ വിവരിക്കുന്ന 10.350 സെന്റു ഭൂമിയിൽ 5 സെന്റു ഭൂമിയ്ക്ക് എനിക്കും സഹോദരൻ മേൽപ്പറഞ്ഞ കൃഷ്ണനും കുടികിടപ്പു അവകാശമുണ്ടായിരുന്നതും, എന്റെ അധ്വാനം കൊണ്ട് സമ്പാദിച്ച ധനം കൂടി ചെലവു

..............

ചെയ്ത് ടി കുടികിടപ്പു ഭൂമി ഉൾപ്പടെ താഴെ പട്ടികയിൽ വിവരിക്കുന്ന 10.350 സെന്റു ഭൂമി മേൽപ്പറഞ്ഞ കൃഷ്ണന്റെ പേരിൽ എറണാകുളം രജിസ്ട്രി 1–ാം പുസ്തകം, 347–ാം വാല്യം, 409 മുതൽ 412 വരെ വശങ്ങ ളിൽ 1978–ൽ 3939–ാം നമ്പരായി രജിസ്റ്റർ ചെയ്ത തീറാധാരത്തിൽ 1–ാം നമ്പരായി ചേർത്ത് തീറു വാങ്ങി സഹോദരങ്ങളായ ഞാനും ടി കൃഷ്ണനും കൂടി അനുഭവിച്ചു വന്നിരുന്നതും, എന്നാൽ മേൽ പ്രകാരം അഞ്ചു സെന്റു കുടികിടപ്പു ഭൂമി ഉള്ളതിൽ നേർ പകുതി രണ്ടര സെന്റു സ്ഥലം എനിക്കു മാത്രം അവകാശപ്പെട്ടതു മാകുന്നു. ടി അവകാശത്തെ സംബന്ധിച്ച് എറണാകുളം സബ്ബ് കോടതിയിൽ O.S. 590/2007–ാം നമ്പരായി ഒരു കേസ് നിലവിലുള്ളതും ടി കേസ്സിൽ ടി വസ്തുവിൽ എനിക്കുള്ള അവകാശം തിരിച്ചു കിട്ടുന്നതിന് ഞാൻ ആവശ്യപ്പെട്ടിട്ടു ള്ളതും ആകുന്നു. ഞാൻ പ്രായാധിക്യത്താലുള്ള പല വിധ അസുഖ ങ്ങൾ ഉള്ളയാളും എന്നെ എന്റെ സഹോദര പുത്രനായ മേൽപ്പറഞ്ഞ സുകുമാരൻ സംരക്ഷിച്ചു പോരുന്നതുമാകുന്നു. എന്റെ കാലശേഷം ടി കേസിൽ ബഹുമാനപ്പെട്ട എറണാകുളം സബ്ബ് കോടതിയിൽ നിന്നും അനുകൂല വിധിയുണ്ടായി എനിക്ക് ടി വസ്തുവിൽ അവകാശം അനു വദിച്ചു കിട്ടുകയാണെങ്കിൽ ആയത് എന്റെ സഹോദര പുത്രനും എന്നെ സംരക്ഷിച്ചു വരുന്നവനുമായ മേൽപ്പറഞ്ഞ സുകുമാരനു മാത്രമായി അവകാശപ്പെട്ടു കിട്ടണമെന്ന് ഞാൻ ഇതിനാൽ നിശ്ചയം ചെയ്തിരി ക്കുന്നു. ഈ നിശ്ചയം എന്റെ പൂർണ്ണ മനസ്സാലുള്ളതും അന്യ പ്രേരണ കൂടാതെയുള്ളതുമാകുന്നു.

.............

ഞാൻ ഇതിനു മുമ്പ് വിൽപ്പത്രമൊന്നും എഴുതി വച്ചിട്ടില്ലെന്നും ഈ വിൽപ്പത്രത്തിലെ വ്യവസ്ഥകൾ എന്റെ കാലശേഷം മാത്രം പ്രാബല്യത്തിൽ വരുന്നതും എന്റെ ജീവിത കാലത്ത് ഇതിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതിനൊ, ഈ വിൽപ്പത്രം റദ്ദു ചെയ്യുന്നതിനൊ എനിക്കവകാശമുണ്ടായിരിക്കുന്നതും ആകുന്നു.

| പട്ടിക | | |
|---|---|---|
| 1. | ക്രമ നമ്പർ | ഒന്ന് |
| 2. | ജില്ല | എറണാകുളം |
| 3. | സബ് ജില്ല | എറണാകുളം |
| 4 | താലൂക്ക് | കണയന്നൂർ |
| 5. | വില്ലേജ് | എളങ്കുളം |
| 6. | മുറി | കോന്തുരുത്തി |
| 7. | പരിധി | കൊച്ചി കോർപ്പറേഷൻ വാർഡ് നമ്പർ |
| 8. | റീസർവ്വെ ബ്ലോക്ക് നമ്പർ | ഇല്ല |
| 9. | റീ സർവ്വെ നമ്പർ | ഇല്ല |
| 10. | റീസർവ്വെ സബ് ഡിവിഷൻ നമ്പർ | ഇല്ല |
| 11. | സർവ്വെ നമ്പർ | |
| 12. | സബ് ഡിവിഷൻ നമ്പർ | |
| 13. | വിസ്തീർണ്ണം:സെന്റ് | |
| 14. | വിസ്തീർണ്ണം:ആർ | |
| 15. | അവകാശം | പണ്ടാരവകപാട്ടം |
| 16. | വിൽപത്രം എഴുതുന്നയാളിന്റെ ടി വില്ലേജിലുള്ള തണ്ടപ്പേർ നമ്പർ | ഇല്ല |
| 17. | കിട്ടുന്നയാളിന്റെ ടി വില്ലേജിലുള്ള തണ്ടപ്പേർ നമ്പർ | ഇല്ല |

•••••••..

| | |
|---|---|
| **18. വസ്തുവിന്റെ വിവരണം** | |
| മേൽപറഞ്ഞ ........-ാം നമ്പർ ആധാരത്തിൽ പട്ടിക 1-ാം നമ്പറായി ചേർത്തു സിദ്ധിച്ച 10 സെന്റ് 350 ച. ലിംഗ്സ് സ്ഥലവും, സകല അവകാശങ്ങളുമാകുന്നു. | |
| **19. നാലതിരുകൾ** | |
| കിഴക്ക് | |
| വടക്ക് | |
| പടിഞ്ഞാറ് | |
| തെക്ക് | |

മേൽപ്രകാരമെല്ലാം നിശ്ചയിച്ചും സമ്മതിച്ചും താഴെ ഒപ്പിടുന്ന സാക്ഷികൾ കാൺകെ പൂർണ്ണ മനസ്സാലെ എറണാകുളത്തു വച്ച് ഞാൻ ഇതിൽ ഒപ്പിട്ടിരിക്കുന്നു. എറണാകുളം രജിസ്ട്രാഫീസിൽ രജിസ്റ്റർ ചെയ്യുന്നതിന് തീരുമാനിച്ചിരിക്കുന്നു.

......

തയ്യാറാക്കിയത്: ഷെറി ജെ തോമസ്, അഡ്വക്കേറ്റ്, എറണാകുളം.

സാക്ഷികൾ

1.

2.

ഈ വിൽപ്പത്രം കംപ്യൂട്ടർ പ്രിന്റു ചെയ്തതാകുന്നു.

ഇതിൽ വെട്ടുതിരുത്തില്ല.

..........